# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*152      06/02/2019-ൽ മറുപടിക്ക്

### മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.കെ.ബഷീർ** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) | അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം പതിമൂന്നിലധികം ശിശുമരണങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | 13 ശിശുമരണങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് യൂണിസെഫിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സംഘം പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | ബി) | അട്ടപ്പാടിയിൽ ശിശുമരണങ്ങൾ സംബന്ധിച്ച് യൂണിസെഫിന്റെ നേതൃത്വത്തിൽ 2013 ൽ പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| സി) | മാതൃ-ശിശു മരണനിരക്കുകൾ കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ? | സി) | സംസ്ഥാനത്ത് മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കെ.എഫ്.ഒ.ജി (Kerala Federation of Obstetrics and Gynaecology)യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി (Indian Academy of Paediatrics) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് പ്രസവം നടക്കുന്ന കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പിലാക്കി വരുന്നുണ്ട്. മാതൃമരണ - ശിശുമരണ ഓഡിറ്റ് നടപ്പിലാക്കി. ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും മാതൃ-ശിശു മരണം സംബന്ധിച്ച് അവലോകനയോഗങ്ങൾ കാലാകാലങ്ങളിൽ ചേരുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാതൃ ശിശു ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കോട്ടത്തറ ആശുപത്രിയിൽ രണ്ട് ഗൈനക്കോളജിസ്റ്റിനെ കൂടി |

നിയമിച്ചു. ഈ ആശുപത്രിയുടെ ബെഡ് സ്ട്രെങ്ത്ത് 54ൽ നിന്നും 100 ആയി ഉയർത്തി. അനീമിയ കണ്ടെത്തുന്നതിനായി ഊരുകളിലെ 18 വയസ്സിനുമുകളിലുള്ള എല്ലാ സ്ത്രീകൾക്കും എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 6 വരെ സൗജന്യമായി ഹീമോഗ്ലോബിൻ പരിശോധനയ്ക്കുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മാതൃ-ശിശു സംരക്ഷണ ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പുതിയ ലേബർ വാർഡിന്റെ പണികൾ ആരംഭിച്ചു. തൂക്ക കുറവുള്ള അമ്മമാരുടെ പരിചരണത്തിനായി മൂന്ന് മാസത്തോളം ഇവിടെ അഡ്മിറ്റ് ചെയ്ത് സ്പെഷ്യൽ ന്യൂട്രീഷണൽ ഭക്ഷണം നൽകി വരുന്നു. രണ്ട് പ്രസവങ്ങൾ തമ്മിലുള്ള അകലം കൂട്ടുന്നതിനും മാതൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി കോട്ടത്തറ ആശുപത്രിയിൽ എല്ലാ ദിവസവും ഫാമിലി പ്ലാനിംഗ് കൗൺസിലിംഗ് നടത്തി വരുന്നു. കൂടാതെ നവജാത ശിശുക്കൾക്കുള്ള പ്രത്യേക പരിചരണത്തിനായി എസ്.എൻ.സി.യു കോട്ടത്തറ ആശുപത്രിയിൽ നിലവിലുണ്ട്. അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനും മാതൃ ശിശുമരണങ്ങൾ ഇല്ലാതാക്കുന്നതിനുള്ള വിവിധ പദ്ധതികൾ വനിതാ ശിശുവികസന വകുപ്പും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

a) പ്രഥമ സഹസ്രദിനങ്ങൾ

അമ്മയുടെ ഗർഭപാത്രത്തിലെ 270 ദിനങ്ങളും ജനനശേഷമുള്ള ആദ്യരണ്ടു വർഷങ്ങളിലെ 730 ദിനങ്ങളും ചേർന്ന പ്രഥമസഹസ്രദിനങ്ങൾ ശിശുവിന്റെ വളർച്ചയിൽ പരമപ്രധാനമാക്കിയതിനാലും അമ്മമാർക്ക് വേണ്ട ബോധവൽക്കരണം, കുഞ്ഞുങ്ങളുടെ വൈകല്യം മുൻകൂട്ടി കണ്ടു പിടിക്കുവാൻ ഉതകുന്ന പരിശീലന ക്ലാസുകൾ, മുലയൂട്ടലിന്റെ പ്രാധാന്യം, IYCF പോഷക വിദ്യാഭ്യാസം, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖാന്തിരം നടപ്പിലാക്കിവരുന്നു.

b) ജലനിധി

അട്ടപ്പാടിയിലെ അങ്കണവാടികളിൽ കുടിവെള്ള വിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലനിധിയെ ചുമതലപ്പെടുത്തുകയും ജലവിതരണം സുഗമമാക്കുകയും ചെയ്യുകയുണ്ടായി

c) കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായിനി)

അട്ടപ്പാടി മേഖലയിലെ നവജാത ശിശുമരണത്തിന്റെയും ആദിവാസി ജനങ്ങളുടെ പോഷകാഹാര കുറവിന്റെയും പശ്ചാത്തലത്തിൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പരിധിയിലെ ഗുണഭോക്താക്കൾക്ക് പുറമേ വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവരെ കൂടി ഉൾപ്പെടുത്തി വനിത ശിശുവികസന വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ എന്നിവർ ചേർന്ന് അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കി വരുന്നു. ഊരുകളിൽ നിർമ്മിച്ച പാചകപ്പുരയിൽ പോഷകാഹാരം പാകം ചെയ്ത് Hot Cooked meal ആയി

ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൺ. 2014-15 മുതൽ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല കുടുംബശ്രീ മിഷനാണ്.

d) ജാതക് ജനനി

പോഷകാഹാരക്കുറവ് മൂലമുള്ള ശിശുമരണനിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനായി ആരംഭിച്ച തൽസമയ മോണിറ്ററിംഗ് സംവിധാനം ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) അടിസ്ഥാനമാക്കി മൊബൈൽ ടെലിഫോൺ സംവിധാനം ഉപയോഗിക്കുന്നു.

ജാതക്: ജനനം മുതൽ 5 വയസ്സ് വരെയുള്ള കുഞ്ഞുങ്ങളുടെ പോഷക നിലവാരം അനുസരിച്ച് തത്സമയം ഇടപെടലുകൾ.

ജനനി : ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവ സമയത്തുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു.

e) അങ്കണവാടി വഴിയുള്ള പോഷകാഹാര വിതരണം

അങ്കണവാടി വഴി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകി വരുന്നു. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും 600 കലോറിയും 18-20gm പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണ സാധനങ്ങൾ വീട്ടിലേയ്ക്ക് നൽകി വരുന്നു. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ദിവസം 135gm എന്ന കണക്കിൽ വർഷത്തിൽ 300 ദിവസം നൽകുന്നു. 3 വയസ്സുമുതൽ മുതൽ 6 വയസ്സുവരെ പ്രായമുള്ള അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, വൈകുന്നേരം ഭക്ഷണം എന്നിവ നൽകുന്നു.

സെക്ഷൻ ഓഫീസർ